**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1339** **27-07-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദന വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധി സമയത്ത് സംസ്ഥാനത്ത് പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദനം വർദ്ധിച്ചിട്ടുണ്ടോ; തൊഴിലില്ലായ്മ പ്രതിസന്ധി പരിഹരിക്കുന്നതിന് ഇത് സഹായകരമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കോവിഡ് പ്രതിസന്ധി കാലത്ത് സംസ്ഥാനത്ത് പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദനം വർദ്ധിച്ചില്ല എന്നാണ ഉത്പാദന സൂചികാ കണക്കുകൾ കാണിക്കുന്നത്. എന്നിരുന്നാലും സംസ്ഥാനത്തു ഈ കാലയളവിൽ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ അപര്യാപ്തത അനുഭവപ്പെട്ടിട്ടില്ല കോവിഡ് പശ്ചാത്തലത്തിൽ വളരെയധികം ആളുകൾ സ്വയം പര്യാപ്തതക്ക് വേണ്ടി ഈ മേഖലയിലേക്ക് തിരിഞ്ഞിട്ടുണ്ട്. ഇനം 2019-20 2020-21 പാൽ (ടൺ) 2542.37 2533.86 മുട്ട (ലക്ഷത്തിൽ) 21812 21768 ഇറച്ചി (ടൺ) 454.52 448.39 |
| (ബി) | ഇതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടത്തി വരുന്നു. 1. ഗോവർദ്ധിനി പദ്ധതി - കന്നുകുട്ടി പരിപാലന പദ്ധതി പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷുറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകുന്ന പദ്ധതികൾ 2. മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി 3. ആട് വളർത്തൽ യൂണിറ്റുകൾ 4. ഗോസമൃദ്ധി-സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി 5. രാത്രി കാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി 6. കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി 7. ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി 8. കർഷക പരിശീലന പരിപാടികൾ 9. വെറ്ററിനറി സേവനം 10. 2018-19 ൽ പുതുതായി ആരംഭിച്ച അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (എ.ആർ.ഡി) പദ്ധതിയുടെ കീഴിൽ മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി 11. കോഴി വളർത്തൽ പദ്ധതി |

| | | | |
|---|---|---|---|
| (സി) | മൃഗപരിപാലനം വർദ്ധിച്ചുവരുന്നതുമായി ബന്ധപ്പെട്ട് വെറ്ററിനറി ക്ലിനിക്കുകളിൽ എന്തൊക്കെ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (സി) | മൃഗസംരക്ഷണ വകുപ്പിന് കീഴിലെ 25 വെറ്ററിനറി പോളിക്ലിനിക്കുകളും 6 വെറ്ററിനറി ഹോസ്പിറ്റലുകളുമുൾപ്പെടെ 31 സ്ഥാപനങ്ങളിൽ 24 മണിക്കൂർ വെറ്ററിനറി സേവനം ആരംഭിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ കേരളത്തിലെ 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലും ഉൾപ്പെടെ 156 കേന്ദ്രങ്ങളിൽ രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ മൃഗാശുപത്രികളുടെ വികസനവും, പുനസംഘടനയും എന്ന പദ്ധതിയിൽ 2900 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആവർത്തന ചെലവുകൾ ഒഴികെയുള്ള മൃഗചികിത്സാ സേവനങ്ങൾക്കുള്ള ധനസഹായം എന്ന ഘടകത്തിന് 182 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്ക് 100 ലക്ഷം രൂപയും, വെറ്ററിനറി പോളിക്ലിനിക്കുകളുടേയും, ആശുപത്രികളുടേയും, ഡിസ്പെൻസറികളുടേയും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളുടേയും ശാക്തീകരണം എന്ന ഘടകത്തിന് 200 ലക്ഷം രൂപയും അനുവദിച്ചിരിക്കുന്നു. ഈ ഘടകങ്ങളിൽ ഉൾപ്പെടുത്തി കെട്ടിടം, ഉപകരണങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നു. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും എന്ന പദ്ധതിയിൽ സംസ്ഥാന ബഡ്ജറ്റിൽ മരുന്നു സംഭരണത്തിനായി പ്രത്യേകം ഘടകം ഉള്ളതിൽ 2021-22 ൽ 1400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ആവശ്യാനുസരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മരുന്നുകൾ സംഭരിക്കാൻ വ്യവസ്ഥയുണ്ട്. |
| (ഡി) | വളർത്തു മൃഗങ്ങൾക്ക് ഫ്ലൂയിഡ് തെറാപ്പി ചെയ്യേണ്ടി വരുന്ന അവസരങ്ങളിൽ മറ്റ് കേസുകൾ യഥാസമയം പരിശോധിക്കുന്നതിനുള്ള സംവിധാനം എന്തൊക്കെയെന്ന് അറിയിക്കാമോ; | (ഡി) | ഒന്നിൽ കൂടുതൽ ഡോക്ടർമാർ ഉള്ള സ്ഥാപനങ്ങളിൽ വളർത്തു മൃഗങ്ങൾക്ക് ഫ്ലൂയിഡ് തെറാപ്പി ചെയ്യേണ്ടി വരുന്ന അവസരങ്ങളിൽ മറ്റ് കേസുകൾ ഒരു ഡോക്ടർ കൈകാര്യം ചെയ്യുന്നതായിരിക്കും, ഒരു ഡോക്ടർ മാത്രമുള്ള സാഹചര്യത്തിൽ പ്രാഥമിക ചികിത്സയിൽ പരിചയമുള്ള ലൈവ് സ്റ്റോക്ക് ഇൻസ്പക്ടർ, ഡോക്ടറുടെ മേൽ നോട്ടത്തിൽ ഫ്ലൂയിഡ് തെറാപ്പി ചെയ്യുന്നതായിരിക്കും. |
| (ഇ) | മൃഗപരിപാലനത്തിന് ആവശ്യമായ മരുന്നുകൾ ക്ലിനിക്കുകളിൽ ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ഇ) | മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും എന്ന പദ്ധതിയിൽ സംസ്ഥാന ബഡ്ജറ്റിൽ മരുന്നു സംഭരണത്തിനായി പ്രത്യേകം ഘടകം ഉള്ളതിൽ 2021-22 ൽ 1400 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | വകയിരുത്തിയിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ആവശ്യാനുസരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടു കൂടി മരുന്നുകൾ സംഭരിക്കാൻ വ്യവസ്ഥയുണ്ട്. |
| (എഫ്) | ഇറച്ചിയുടെയും പാലിന്റെയും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ട് എന്ന് അറിയിക്കാമോ? | (എഫ്) | മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ഇറച്ചിയുടെയും പാലിന്റെയും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് വലിയ അളവിൽ പരിശോധന നടത്തുന്ന സ്ഥാപനങ്ങൾ നിലവിലില്ല. എറണാകുളം ജില്ലയിലെ മരടിൽ പ്രവർത്തിക്കുന്ന SLMAP എന്ന സ്ഥാപനത്തിൽ ഇറച്ചിയുടെ ഗുണനിലവാരം പരിശോധിക്കുന്ന ലബോറട്ടറി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ